കോഴിക്കോട് ജില്ലയിൽ എക്സൈസ് വകുപ്പിലെ വനിത എക്സൈസ് ഗാർഡ് തസ്തികയിലേക്കുള്ള **(കാറ്റഗറി നമ്പർ 240/2010)** തെരഞ്ഞെടുപ്പിന്റെ ഭാഗമായി ഒക്ടോബറിൽ നടത്തിയ കായിക ക്ഷമത പരീക്ഷയിൽ വിവിധ കാരണങ്ങളാൽ പങ്കെടുക്കാൻ സാധിക്കാതെ പരാതി സമർപ്പിച്ച ഉദ്യോഗാർഥികൾക്കായി, 20.11.13 ന് തിരുവനന്തപുരം പേരൂർക്കട എസ്.എ.പി ഗ്രൗണ്ടിൽ വെച്ച് കായിക പരീക്ഷ നടത്തുന്നതാണ്. ഒക്ടോബറിൽ നടന്ന കായിക പരീക്ഷയിൽ പരാജയപ്പെട്ടവർക്കും പ്രമാണ പരിശോധന പൂർത്തിയാക്കിയ ശേഷം കായിക പരീക്ഷയിൽ നിന്ന് പിൻമാറിയവർക്കും വീണ്ടും അവസരം നൽകുന്നതല്ല. ഉദ്യോഗാർഥികൾക്ക് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല. ഉദ്യോഗാർഥികൾ ഒക്ടോബറിലെ കായിക പരീക്ഷയുമായി ബന്ധപ്പെട്ട് ലഭിച്ച മെമ്മോയിൽ സൂചിപ്പിച്ച പ്രമാണങ്ങളുമായി അന്നേ ദിവസം രാവിലെ 6.30 ന് ഗ്രൗണ്ടിൽ ഹാജരാകേണ്ടതാണ്.